പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3948 — 20.07.2015 -ൽ മറുപടിക്ക്.

## കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ്

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | മറുപടി<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2011 മേയ് മാസത്തിൽ സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ; അന്ന് കേരളത്തിന് ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു; കേരളം എത്ര ടൺ ഭക്ഷ്യധാന്യവും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടിരുന്നത് ; | (എ) 2011 മേയ് മാസത്തിൽ സംസ്ഥാനത്തിന് കേന്ദ്രം 91,345 മെ.ടൺ അരിയും 20,802 മെ.ടൺ ഗോതമ്പും അനുവദിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പ്രതിമാസം 2,55,045 മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 2011 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങൾ ഉൾപ്പെടുന്ന ത്രൈമാസ അലോട്ട്മെന്റ് ആയി കേന്ദ്രം അനുവദിച്ചത് 53,484 കി.ലി. മണ്ണെണ്ണയാണ്. ആയത് 2010 മാർച്ച് വരെ ലഭ്യമാക്കിക്കൊണ്ടിരുന്ന 69,488 കിലോ ലിറ്ററായി പുനസ്ഥാപിച്ചു തരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) 2011 മേയ് മാസത്തിൽ എത്ര റേഷൻ കാർഡുകളാണ് ഉണ്ടായിരുന്നത് ; തരം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ; ഈ ഓരോ തരം കാർഡുകൾക്കും അന്ന് അനുവദിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ ; | (ബി) 2011 മേയ് മാസത്തിൽ ആകെ 75,48,543 റേഷൻ കാർഡുകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. അതിൽ 54,55,335 എ.പി.എൽ കാർഡുകളും 14,60,735 ബി.പി.എൽ കാർഡുകളും 5,95,752 എ.എ.വൈ കാർഡുകളും 36,721 അന്നപൂർണ്ണ കാർഡുകളുമാണ് ഉള്ളത്. എ.പി.എൽ കാർഡുകൾക്ക് കാർഡൊന്നിന് 10 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും ബി.പി.എൽ കാർഡുകൾക്ക് കാർഡൊന്നിന് 28 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പുമാണ് അനുവദിച്ചത്. എ.എ.വൈ കാർഡുകൾക്ക് കാർഡൊന്നിന് 35 കി.ഗ്രാം അരിയും അനുവദിച്ചു. 2011 മേയ് മാസം ഇ-കാർഡിന് 2 ലിറ്റർ, എൻ.ഇ-കാർഡിന് 5 ലിറ്റർ എന്ന നിരക്കിൽ മണ്ണെണ്ണ വിതരണം നടത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) 2015 മേയ്/ജൂൺ മാസത്തിൽ സംസ്ഥാനത്തിന് മാത്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ; ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു; കേരളം എത്ര ടൺ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടത് ; | (സി) 2015 മേയ്/ജൂൺ മാസത്തിൽ സംസ്ഥാനത്തിന് മാത്രം അനുവദിച്ചത് 1,06,017 മെ.ടൺ അരിയും 26,638 മെ.ടൺ ഗോതമ്പുമാണ്. 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പ്രതിമാസം 1,60,075 മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങൾ ഉൾപ്പെടുന്ന ത്രൈമാസ അലോട്ട്മെന്റ് ആയി കേന്ദ്രം അനുവദിച്ചത് 29,448 കി.ലി മണ്ണെണ്ണയാണ്. ആയത് 2014 ഡിസംബർ വരെ ലഭ്യമാക്കിക്കൊണ്ടിരുന്ന അളവിൽ പുനസ്ഥാപിച്ചു തരണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. |
| (ഡി) ഇപ്പോൾ നിലവിൽ എത്ര റേഷൻ കാർഡുകളാണ് സംസ്ഥാനത്ത് ഉള്ളത്; തരം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ; ഓരോതരം കാർഡിനും ഇപ്പോൾ അനുവദിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്ത് നിലവിൽ 62,42,234 എ.പി.എൽ കാർഡുകളും 14,86,765 ബി.പി.എൽ കാർഡുകളും 5,81,936 എ.എ.വൈ കാർഡുകളും 62,476 അന്നപൂർണ്ണ കാർഡുകളും അടക്കം ആകെ 83,73,411 റേഷൻ കാർഡുകളാണ് ഉള്ളത്. 2015 ജൂലൈ മാസത്തിൽ ഓരോ കാർഡിനും അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.<br>എ.പി.എൽ (നോർമൽ) - 8 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും<br>ബി.പിഎൽ - 25 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പും<br>എ.എ.വൈ - 35 കി.ഗ്രാം അരി |

സെക്ഷൻ ഓഫീസർ